"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - ചൂരൽമല/മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനബത്തയും അനുബന്ധ സഹായങ്ങളും അനുവദിക്കുന്നതിനായി CMDRF നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.198/2026/DMD    തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-
1. വയനാട് ജില്ലാ കളക്ടർ സമർപ്പിച്ച 18.04.2026 തീയതിയിലെ DCWYD/3267/2025/DM3 നമ്പർ കത്ത്
2. 17/04/2026 ലെ സ .ഉ.(സാധാ)190/2026/DMD നമ്പർ സർക്കാർ ഉത്തരവ് .

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചൂരൽമല/മുണ്ടക്കൈ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തം മൂലം കിടപ്പുരോഗികളായവർക്ക് ഉപജീവനബത്ത അനുവദിക്കുന്നതിനും, ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപാർപ്പിച്ചവർക്ക് വാടക അനുവദിക്കുന്നതിനുമായി, വീട്ടുവാടക ഇനത്തിൽ 2026 ഏപ്രിൽ മാസം 25,50,000/- രൂപയും, 2026 മെയ് മാസം 25,50,000/- രൂപയും, കിടപ്പുരോഗികൾക്ക് രണ്ടു ഗഡു ഉപജീവനബത്ത അനുവദിക്കുന്നതിന് 2026 മെയ് മാസം ( 17 -മത്തെ ഗഡു) 1,26,000/- രൂപയും, 2026 ജൂൺ മാസം ( 18-മത്തെ ഗഡു) 1,26,000/- രൂപയും ആവശ്യമുണ്ടെന്നും (ആകെ വീട്ടുകവാടക അനുവദിക്കുന്നതിനായി 51,00,000/- രൂപയും കിടപ്പുരോഗികൾക്ക് ജീവനോപാധി അനുവദിക്കുന്നതിന് 2,52,000/- രൂപയും ആവശ്യമുണ്ട്) മേൽ സാഹചര്യത്തിൽ 2026 ജൂൺമാസം വരെ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തം മൂലം കിടപ്പുരോഗികൾക്ക് ഉപജീവനബത്ത അനുവദിക്കുന്നതിനും, ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപാർപ്പിച്ചവർക്ക് വാടക നൽകുന്നതിനും "STSB-799011400002491" നമ്പർ CMDRF അക്കൗണ്ടിലേക്ക് 53,52,000/- രൂപ (അമ്പത്തി മൂന്ന് ലക്ഷം അമ്പത്തി രണ്ടായിരം രൂപ മാത്രം) അനുവദിച്ചു നല്കണമെന്നും സൂചന (1) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതരായ കിടപ്പുരോഗികൾക്കു ഉപജീവനബത്ത അനുവദിക്കുന്നതിനും, ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപാർപ്പിച്ചവർക്ക് വാടക അനുവദിക്കുന്നതിനുമായി ആകെ 53,52,000/- രൂപ ( അമ്പത്തി മൂന്ന് ലക്ഷം അമ്പത്തി രണ്ടായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് CMDRF ൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു.

CMDRF ൽ നിന്നും തുക അനുവദിക്കേണ്ട നടപടികൾ   റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്

സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 28-04-2026 10:59:16
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്